കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## മണ്ണാർക്കാട് നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി22/1991/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 03.11.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർ പേഴ്സൻ (സെക്രട്ടറി മുഖേന)

മണ്ണാർക്കാട് നഗരസഭ

സർ,

വിഷയം : മണ്ണാർക്കാട് നഗരസഭ – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മണ്ണാർക്കാട് നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഭരണസമിതിയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട്
4) ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി22/1991/2017 തീയതി – 03.11.2017

## പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 3-1-2017 മുതൽ 17.10-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-10-2017മുതൽ 28-10-2017വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സുമേഷ്.എൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുജാത.പി. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുസ്മിത.കെ.വി. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ശിവപ്രസാദ്.എം. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.രഞ്ജിത്ത്.ആർ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർപേഴ്സൺ | ശ്രീമതി.സുബൈദ.എം.കെ | 1.4.2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.മണി.സി | 1-4-2016 മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മിനി ജോർജ്ജ് | 1-4-2016 മുതൽ 18-2-2017 വരെ |
| | ശ്രീ.കെ.എൻ.ശശീന്ദ്രൻ | 19-2-2017 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജ്ജൻ | ശ്രീ.സെയ്ത് അബൂബക്കർ സിദ്ദിഖ് | 1-4-2016 മുതൽ 31-3-2017 വരെ |
| വി.ഇ.ഒ | ശ്രീ.അബ്ദുൾ ഗഫൂർ.സി | 1-11-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഐഷക്കുട്ടി.കെ | 1-4-2016 മുതൽ 20-9-2016 വരെ |
| | ശ്രീമതി.സാറാമ്മ.കെ.വി | 21-9-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ഗ്രേഷ്യസ് രാജ് | 1-4-2016 മുതൽ 7-7-2016 വരെ |
| മുൻസിപ്പൽ എഞ്ചിനിയർ | ശ്രീ.ടോമി.ടി.പി | 8-7-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-താലൂക്ക് ആശുപത്രി | ഡോ.കൃഷ്ണനുണ്ണി.പി.എസ് | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ജോഷ്ന.ടി.പി.എം | 1-4-2016 മുതൽ 31-3-2017 വരെ |
| എച്ച്.എം | ശ്രീ.മുഹമ്മദാലി.കെ | 1-4-2016 മുതൽ 31-3-2017 വരെ |
| ഹെൽത്ത് ഓഫീസർ | ശ്രീ.അബൂബക്കർ.എം | 1-4-2016 മുതൽ 31-3-2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 5.3.16 തിയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ആകെ വരവ് മുന്നിരിപ്പ് ഉൾപ്പെടെ ₹ 217250400/- ഉം ചെലവ് ₹ 204471000/- ഉം നീക്കിയിരിപ്പ് ₹ 12779400/- ഉം ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2017 | 31.5.2017 | --- | --- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - ₹ 4821524/-

വരവ് - ₹ 70106900/-

ആകെ - ₹ 74928424/-

ചെലവ് - ₹ 62725283/-

നീക്കിയിരിപ്പ് - ₹ 12203141/-

# 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് (അലോട്ട് മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതു വിഭാഗം | 0 | 18700151 | 18700151 | 12756995 | 5943156 | 0 | 68.22 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 11981778 | 11981778 | 4308004 | 7673774 | o | 35.95 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 603987 | 603987 | 603987 | | 0 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 5977245 | 5977245 | 2868147 | 3103098 | 0 | 47.98 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 3110853 | 3110853 | 1066224 | 2044629 | 0 | 34.2 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9533955 | 9533955 | 7260620 | 2273335 | 0 | 76.15 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 3974661 | 3974661 | 917445 | 3057216 | 0 | 23.1 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 266 | 107515324 | 133 | 40818956 | 133 | 50 |

അംഗീകാരം ലഭിച്ച പദ്ധതികളിൽ 50% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. പദ്ധതി തുകയുടെ 38% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 7 | 3558809 | 486146 | 13.66 |
| വെറ്ററിനറി സർജൻ | 10 | 8 | 4992070 | 1067591 | 21 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 4 | 0 | 552852 | 0 | 0 |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | 3 | 2 | 3264400 | 1951436 | 60 |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | 2 | 2 | 1073043 | 993343 | 92.57 |
| പ്രൊജക്ട് ഓഫീസർ, പി.എ.യു. | 8 | 6 | 4037500 | 880000 | 22 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 3 | 3 | 4920700 | 4312460 | 88 |
| സെക്രട്ടറി | 17 | 5 | 7796348 | 3194732 | 41 |
| പ്രധാനാദ്ധ്യാപകൻ | 7 | 5 | 3564035 | 2945432 | 83 |
| മുനിസിപ്പൽ എഞ്ചിനീയർ | 185 | 92 | 57065822 | 23105769 | 40 |
| ഹെൽത്ത് ഓഫീസർ | 16 | 3 | 16689795 | 1882047 | 10 |
| ആകെ | 266 | 133 | 107515374 | 40818956 | 38 |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. തൻവർഷം പദ്ധതികളൊന്നും

നടപ്പിലാക്കിയിട്ടില്ല. ഹെൽത്ത് ഓഫീസർ, സെക്രട്ടറി, മുനിസിപ്പൽ എഞ്ചിനീയർ, പ്രൊജക്ട് ഓഫീസർ, പി.എ.യു., കൃഷി ഓഫീസർ, വെറ്ററിനറി സർജൻ എന്നിവർ അംഗീകരിച്ച പ്രൊജക്ടുകളുടെ 40 ശതമാനത്തിൽ താഴെ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. അംഗീകാരം ലഭിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനും പദ്ധതി ഫണ്ട് പാഴാവാതിരിക്കാനും നിർവഹണ ഉദ്യോഗസ്ഥരും ഭരണ സമിതിയും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 42.42ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 8564596 | 12712610 | 4148014 | 48.4(+) |
| നികുതി യേതര വരവുകൾ | 2596535 | 3183042 | 586507 | 22.58(+) |
| ആകെ | 11161131 | 15895652 | 4734521 | 42.42(+) |

# 1-8 ക്ഷേമപദ്ധതികൾ

നഗരസഭയിൽ തൻവർഷം ലഭ്യമായ സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകൾ തീർപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ലഭിച്ച അപേക്ഷകൾ | അനു വദിച്ചവ | നിര സിച്ചവ | തീരുമാന മെടുക്കു ന്നതിന് വേണ്ടിവന്ന ശരാശരി കാലാവധി |
|---|---|---|---|---|
| തൊഴിൽ രഹിത വേതനം | 22 | 14 | 8 | 3 മാസം |
| കർഷക തൊഴിലാളി പെൻഷൻ | 7 | 5 | 2 | 3 മാസം |
| വിധവാ പെൻഷൻ | 93 | 68 | 25 | 6 മാസം |
| വാർദ്ധക്യകാല പെൻഷൻ | 383 | 346 | 37 | 4 മാസം |
| വികലാംഗ പെൻഷൻ | 30 | 28 | 2 | 3മാസം |

പെൻഷൻ അപേക്ഷകളിൽ നിയമാനുസൃത സമയപരിധിയിക്കകം (2 മാസം) തീരുമാനമെടുക്കുവാൻ നഗരസഭയ്ക്ക് കഴിഞ്ഞിട്ടില്ല. അപേക്ഷകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിലുള്ള കാലതാമസം കാരണമാണ് സമയപരിധി പാലിക്കാൻ കഴിയാതിരുന്നത് എന്നാണ് നഗരസഭ അറിയിച്ചത്. സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുവാൻ നിർവഹണ ഉദ്യോഗസ്ഥരും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.10.2017 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41574/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

നഗരസഭ രൂപീകൃതമായശേഷം മറ്റ് ഓഡിറ്റുകൾ ഒന്നും നടന്നിട്ടില്ല.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി പിരിവ്-അവലോകനം

### 1. വസ്തുനികുതി നിരക്ക് പരിഷ്കരിച്ച് ഈടാക്കാത്തതിനാൽ റവന്യൂ നഷ്ടം

05.12.2015 തിയ്യതിയിലെ സ.ഉ(സാധാ) നം. 3655/2015/തസ്വഭവ ഉത്തരവ് പ്രകാരം, നഗരസഭയുടെ വസ്തുനികുതി നിരക്ക് 01.04.2016 മുതൽ 2010ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്കനുസൃതമായി നഗരസഭാ നിരക്കിൽ പുതുക്കി നിശ്ചയിച്ച് ഈടാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ 13.07.2016 ലെ നഗരസഭാ കൗൺസിൽ തീരുമാനം നം.1 (1) പ്രകാരം അടിസ്ഥാന നികുതി നിരക്ക് നിശ്ചയിക്കുകയും ആയത് 2016-17 സാമ്പത്തിക വർഷം രണ്ടാം അർദ്ധ വർഷം മുതൽ പുതുതായി നികുതി നിർണ്ണയം നടത്തുന്ന കെട്ടിടങ്ങൾക്ക് ബാധകമാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ഒന്നാം അർദ്ധ വർഷം ഗ്രാമപഞ്ചായത്ത് നിരക്കിൽ തന്നെയാണ് വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നത്. തന്മൂലം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ റവന്യൂ വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്.

2. രജിസ്റ്ററുകൾ പൂർണ്ണമല്ല

17 വാർഡുകളുണ്ടായിരുന്ന മണ്ണാർക്കാട് ഗ്രാമപഞ്ചായത്തിനെ 01.11.2015 ലാണ് തെങ്കര ഗ്രാമപഞ്ചായത്തിന്റെ ചില പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് 29 വാർഡുകളുള്ള മണ്ണാർക്കാട് നഗരസഭ രൂപീകരിച്ചത്. നഗരസഭയുടെ നിലവിലെ 9,10,11,13 എന്നീ വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയ/ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. ഈ വാർഡുകളിലെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം, ഉടമസ്ഥാവകാശ കൈമാറ്റം എന്നിവ പ്രത്യേക രജിസ്റ്ററിൽ തുടർച്ചയായി നമ്പരിട്ട് താത്കാലികമായാണ് ചെയ്തിരിക്കുന്നത്. പ്രസ്തുത വിവരങ്ങൾ നികുതിനിർണ്ണയ രജിസ്റ്ററിലോ സഞ്ചയ സോഫ്റ്റ്‌വെയറിലോ രേഖപ്പെടുത്തിയിട്ടില്ല. ഇതിനാൽ നഗരസഭാ പ്രദേശത്തെ ആകെ കെട്ടിടങ്ങളുടെ കൃത്യമായ കണക്ക് ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്.

3. സഞ്ചയ സോഫ്റ്റ്‌വെയറിലെ അപാകതകൾ

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 15732 കെട്ടിടങ്ങളുടെ ഡാറ്റാ എൻട്രിയാണ് പൂർത്തിയായിട്ടുള്ളത്. 2008-ൽ വാർഡുകളുടെ എണ്ണം 16 ആയും 2013-ൽ 19 ആയുമാണ് സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. തെങ്കര ഗ്രാമപഞ്ചായത്തിന്റെ ഭാഗമായിരുന്ന പ്രദേശങ്ങളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ 2 വാർഡുകളായി ക്രമീകരിച്ചാണ് 2013 വർഷത്തെ വാർഡുകളുടെ എണ്ണം 17 ൽ നിന്നും 19 ആയി നിശ്ചയിച്ചിരിക്കുന്നത്. ഈ രണ്ട് വാർഡുകളിലെ വിവരങ്ങൾ പൂർണ്ണമായി ഉൾപ്പെടുത്തിയതായും കാണുന്നില്ല.

4. കെട്ടിടനമ്പർ അനുവദിച്ചതിലെ അപാകതകൾ

പുതുതായി നികുതി നിർണ്ണയം നടത്തിയ കെട്ടിടങ്ങളെ സംബന്ധിക്കുന്ന ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ ഫയൽ/ രജിസ്റ്റർ- ലെ വിവരങ്ങളും സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങളും വ്യത്യസ്തമായാണ് കാണുന്നത്.

| കെട്ടിട നമ്പർ | രജിസ്റ്റർ/ഫയൽ പ്രകാരം | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം |
|---|---|---|
| 1/795 | കൃഷ്ണൻകുട്ടി, പാണ്ടിക്കാട്ടിൽ ഹൗസ് | അഹമ്മദ് സെയ്ത്, ചെമ്മലങ്ങാടൻ വീട്, കുന്തിപ്പുഴ |
| 4/715 | ഉമ്മുഹബീബ D/o അബൂബക്കർ മനച്ചിത്തൊടി | അബ്ബാസ് ഹാജി & അബ്ദുഹാജി മുതൽപ്പേർ, കറുമ്പത്തുർ വീട്, കച്ചേരിപ്പറമ്പ്. |
| 15/785 | സുഹറ W/o അസീസ്, കാഞ്ഞിരം, പെരിമ്പടാരി. | നൗഷാദ്, കടവത്ത് വീട്, പെരിമ്പടാരി |
| 9/57 | പി.കെ.ചന്ദ്രൻ S/o രാവുണ്ണി, വൈഷ്ണവം, പടിഞ്ഞാറേക്കര | ജോസ് മാത്യു, ചേലങ്കര |

| | | |
|---|---|---|
| 9/58 | പി.കെ.ചന്ദ്രൻ S/o രാവുണ്ണി, വൈഷ്ണവം, പടിഞ്ഞാറേക്കര | സൈതലവി, സ്രാമ്പിക്കൽ, പള്ളിക്കുന്ന് പി.ഒ |
| 10/56 | കുമാരൻ & പ്രേമലീല, കുഴിക്കൽത്തൊടി | ഹരിദാസൻ, അഞ്ജനം, നാരങ്ങപ്പൊറ്റ |
| 10/78 | മണികണ്ഠൻ & ഹരിത, കെ.പി നിവാസ്, ശിവൻകുന്ന് | ഗോവിന്ദൻകുട്ടി.കെ |
| 10/85 | ശ്യാം മോഹൻ, അരയങ്ങോട്, മണ്ണാർക്കാട് | ശ്രീവത്സൻ, നടക്കൈ |
| 10/89 | നാച്ചിമുത്തു, കിഴക്കേക്കര, അരയംകോട് | നൗഷാദ്, കടവത്ത് വീട്, പെരിമ്പടാരി |

5. മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിവ്

നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ കൃത്യമായ കണക്ക് സൂക്ഷിക്കുന്നില്ല. ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം നം.11/24.10.2017 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

6. സാംഖ്യ- സഞ്ചയ ഇന്റഗ്രേഷൻ നടത്തിയിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ സാംഖ്യയുമായി ഇന്റഗ്രേറ്റ് ചെയ്തല്ല നിലവിൽ നഗരസഭയിൽ പ്രവർത്തിക്കുന്നത്. ഫ്രണ്ട് ഓഫീസ് മുഖേന വസ്തുനികുതി സ്വീകരിക്കുന്നത് സാംഖ്യ രസീപ്റ്റ് എൻട്രിയിലൂടെയാണ്.

7.വസ്തുനികുതി കുടിശ്ശിക

2016-17 വർഷത്തെ വസ്തുനികുതി ഡിമാന്റ്/അരിയർ ഡിമന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല. കെട്ടിടങ്ങളുടെ എണ്ണത്തിലും നികുതി നിർണ്ണയത്തിലും അപാകതകൾ ഉള്ളതിനാൽ കുടിശ്ശിക കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. നഗരസഭാ പ്രദേശത്തെ മുഴുവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തി നികുതി നിർണ്ണയ രജിസ്റ്റർ പരിഷ്കരിക്കേണ്ടതാണ്.
2. താത്കാലിക രജിസ്റ്ററിൽ ചേർത്തിരിക്കുന്ന കെട്ടിടങ്ങൾക്ക് ശരിയായ ക്രമത്തിൽ നമ്പർ നൽകി പൂർണ്ണമായ വിവരങ്ങൾ നികുതി നിർണ്ണയ രജിസ്റ്ററിലും സഞ്ചയ സോഫ്റ്റ്‌വെയറിലും ഉൾപ്പെടുത്തേണ്ടതാണ്.
3. 01.04.2016 മുതൽ നഗരസഭാ നിരക്കിൽ നികുതി ഈടാക്കിതുടങ്ങിയ കാലയളവുവരെയുള്ള പഴയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ച നിരക്കിൽ കണക്കാക്കി കുടിശ്ശിക പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. തെങ്കര പഞ്ചായത്തിൽ നിന്നും നഗരസഭയിലേക്ക് ഉൾപ്പെടുത്തിയ വാർഡുകളിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ്‌വെയറിൽ

ഉൾപ്പെടുത്തേണ്ടതാണ്. ഡാറ്റാ എൻട്രിയിലെ പിഴവുകൾ തിരുത്തുന്നതിനും സാംഖ്യ-സഞ്ചയ ഇന്റഗ്രേറ്റ് ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയതിന് ഐ കെ എം ന്റെ സേവനം ഉപയോഗപ്പെടുത്തേണ്ടതാണ്.

5. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് 19.10.2014 ലെ 40355/ആർ.സി.2/ 2014/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 2-2 പാരാമെഡിക്കൽ, ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല

1997 ലെ കേരള മുനിസിപ്പാലിറ്റി (സ്വകാര്യ ആശുപത്രികളുടേയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ- ചട്ടം 3(6), 1994 ലെ കേരള മുനിസിപ്പാലിറ്റി (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ- ചട്ടം 3(6) എന്നിവ പ്രകാരം സൂക്ഷിക്കേണ്ടതായ രജിസ്ട്രേഷൻ സംബന്ധിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ആയത് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 2-3 വിനോദനികുതി സംബന്ധിക്കുന്ന രജിസ്റ്ററുകൾ ഹാജരാക്കിയിട്ടില്ല

വാർഷിക ധനകാര്യ പത്രിക പ്രകാരം 2016-17 സാമ്പത്തിക വർഷത്തെ വിനോദ നികുതി ഇനത്തിലെ ആകെ വരവ് 922525 രൂപയാണ്. വിനോദ നികുതിയുമായി ബന്ധപ്പെട്ട തിയേറ്ററുകളുടെ ഡി സി ആർ, ടിക്കറ്റ് സീൽഡ് രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ 27.10.2017 തിയ്യതിയിലെ ഓഡിറ്റ് അന്വേഷണം നം. 20 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഹാജരാക്കാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ കണക്കുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.

## 2-4 തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ ഹാജരാക്കിയില്ല

2016-17 വർഷത്തിലെ അർദ്ധ വാർഷിക വരുമാന പത്രികകൾ, തൊഴിൽ നികുതി രജിസ്റ്റർ, കുടിശ്ശിക രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ ഓഡിറ്റിന് ഹാജരാക്കിയില്ല. ഇത് ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (9/24.10.17) നൽകിയെങ്കിലും അവ ഹാജരാക്കിയില്ല. ആയതിനാൽ തൊഴിൽ നികുതി ഇനത്തിലെ വരവിന്റെ കൃത്യത ഓഡിറ്റിൽ പരിശോധിക്കാൻ സാധിച്ചിട്ടില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം തൊഴിൽ നികുതി ഇനത്തിൽ (സ്ഥാപനം) ഡിമാന്റ് 15,40,841 രൂപയും കളക്ഷൻ 7,33,981 രൂപയുമാണ്. ഈയിനത്തിലെ ബാലൻസ് തുകയായ 8,06,860 രൂപ ബാലൻസ്

ഷീറ്റിൽ രേഖപെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (8/24.10.17) നൽകിയതിനും മറുപടി സമർപ്പിച്ചില്ല.

നഗരസഭയ്ക്ക് ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ബാധ്യതയായിത്തീരുന്നതാണ്. തൊഴിൽ നികുതി സംബന്ധമായ രജിസ്റ്ററുകൾ കൃത്യമായി എഴുതി തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## **2-5** <u>റവന്യൂ വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്</u>

1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 230 ഉപവകുപ്പ് 4 പ്രകാരം ഒരു മുനിസിപ്പൽ പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും വകുപ്പ് 235 പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവക്ക് അപ്രകാരം പുതിയ സേവനം ഏർപ്പെടുത്തുന്നതിലേക്കായി 2010 ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്ക് വിധേയമായി മുനിസിപ്പൽ കൗൺസിൽ നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. നഗരസഭ നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത കൗൺസിൽ പരിശോധനക്ക് വിധേയമാക്കാവുന്നതാണ്.

# ഭാഗം-3

# <u>ചെലവ്വ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## **3-1** <u>തെരുവ് വിളക്ക് അറ്റകുറ്റപണി - നടപടിക്രമങ്ങൾ പാലിച്ചില്ല</u>

പ്രൊജക്ട് - തെരുവ് വിളക്ക് അറ്റകുറ്റപണി – 121/17

അടങ്കൽ - 1600000/- (തനത് ഫണ്ട്)

നിർവഹണം - സെക്രട്ടറി

ചെലവിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തുക | റിമാർക്സ് |
|---|---|---|
| 21600428/ 24-10-16 | 727137 | കരാറുകാരൻ -690778/-<br>വാറ്റ് - 29086<br>IT – 7273 |
| 21600604 / 30.12.16 | 634979 | കരാറുകാരൻ -603229/-<br>വാറ്റ് - 25400<br>IT – 6350 |
| 21601003/31.3.17 | 240257 | കരാറുകാരൻ -228245/-<br>വാറ്റ് - 9610<br>IT – 2402 |
| ആകെ | 1602373 | |

നഗരസഭയിലെ തെരുവ് വിളക്കുകളുടെ അറ്റകുറ്റപണിക്കായി തനത് ഫണ്ടിൽ നിന്നും 16 ലക്ഷം വകയിരുത്തി പദ്ധതിക്ക് അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പ്രകാരം 9.6.16 ന് ടെണ്ടർ ക്ഷണിക്കുകയും രണ്ട് ടെണ്ടർ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സുരേഷ് ബാബു, വെൽടെക് ഇലക്ട്രിക്കൽസ് , അഗളി എന്ന കരാറുകാരന് 16 ലക്ഷം രൂപയ്ക്ക് ടെണ്ടർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. എന്നാൽ നിയമാനുസൃത നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത്. അപാകതകളുടെ വിവരം താഴെ ചേർക്കുന്നു

5 ലക്ഷത്തിന് മുകളിൽ അടങ്കലായുള്ള പദ്ധതി ആയതിനാൽ ഇ-ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു. എന്നാൽ ഇ-ടെണ്ടർ, ടെണ്ടർ നോട്ടീസിലോ ലഭ്യമായ ടെണ്ടറുകളിലോ തെരുവ് വിളക്കുകളുടെ ഇനം, എണ്ണം തുടങ്ങിയ വിവരങ്ങളൊന്നും വ്യക്തമാക്കിയിട്ടില്ല. 13.6.16 ലെ നമ്പർ ഇല്ല)കരാർ വ്യവസ്ഥ പ്രകാരം 30 ദിവസത്തിനകം കരാറുകാരൻ നഗരസഭയിലെ ആവശ്യമായ സാധനങ്ങൾ വാങ്ങി എല്ലാ തെരുവ് വിളക്കുകളുടെയും അറ്റകുറ്റപണി നടത്തേണ്ടതും തുടർന്ന് 31-3-17 വരെ ഇവ പ്രവർത്തനക്ഷമമാക്കി സൂക്ഷിക്കേണ്ടതും ആണ്. നഗരസഭയിലെ തെരുവ് വിളക്കുകളുടെ കണക്ക് അടിസ്ഥാനമാക്കി ഓരോ ഇനത്തിനും റേറ്റ് നിശ്ചയിക്കാതെ ആകെ 16 ലക്ഷം രൂപ എന്ന തുക അംഗീകരിച്ച് നൽകിയത് പ്രൊക്യൂർമെന്റ് മാർഗരേഖയിലെ വ്യവസ്ഥകളുടെ ലംഘനമാണ്.

കരാറുകാരൻ നൽകിയ തിയതി രേഖപ്പെടുത്തിയിട്ടില്ലാത്ത അപേക്ഷ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ അപേക്ഷകളിൽ എത്ര എണ്ണം റിപ്പയർ ചെയ്തു എന്ന മാത്രമാണ് ചേർത്തിട്ടുള്ളത്. എന്നാണ് റിപ്പയർ ചെയ്തത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം (തിയതി ഇല്ലാത്ത) മാത്രമാണ് ബില്ലിനോടൊപ്പം

സമർപ്പിച്ചിട്ടുള്ളത്. ആയതിലും എന്ന് റിപ്പയർ നടത്തി എന്ന് രേഖപ്പെടുത്തിയിട്ടില്ല.

റിപ്പയർ രജിസ്റ്റർ സൂക്ഷിച്ച് റിപ്പയർ ചെയ്ത സാമഗ്രികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുകയോ മാറ്റിയ സാധനങ്ങൾ സ്റ്റോക്കിലെടുക്കുകയോ ചെയ്തിട്ടില്ല

കെ.എസ്.ഇ.ബി.യുടെ അംഗീകാരത്തോടെയും സൂപ്പർവിഷനിലുമാണ് പ്രവൃത്തി നടത്താവുന്നത് എന്ന് കരാർ വ്യവസ്ഥയിലുണ്ടെങ്കിലും വൈദ്യുതി ബോർഡിന്റെ സാക്ഷ്യപത്രം ഹാജരാക്കാതെയാണ് കരാറുകാരന് തുക അനുവദിച്ചത്. കൂടാതെ കരാർ തുക 16 ലക്ഷമാണെങ്കിലും നികുതികൾ ഉൾപ്പെടെ ആകെ 16,02,373 രൂപയാണ് നൽകിയിട്ടുള്ളത്. കരാറുകാരന് അധികം നൽകിയ 2373 രൂപ തിരികെ ഈടാക്കേണ്ടതാണ്.

തെരുവ് വിളക്കുകളുടെ ഇനം തിരിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ ആവശ്യകത വിലയിരുത്തി ചെലവഴിക്കേണ്ട തുക എത്രയെന്ന് തീരുമാനമെടുക്കുന്നതിന് പകരം ലഭ്യമായ തുക ചെലവഴിക്കാവുന്ന വിധത്തിൽ പദ്ധതി രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്ന പ്രവണത പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായി സ.ഉ(ആർ.ടി)നം. 259/ത.സ്വ.ഭ.വ തിയതി 20.5.2010 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## **3-2** <u>സമ്പൂർണ്ണ വൈദ്യുതീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല</u>

പ്രൊജക്ട് – 273/17-സമ്പൂർണ്ണ വൈദ്യുതീകരണം

അടങ്കൽ / ചെലവ് - 123962

വൗച്ചർ നമ്പർ - 21600732 /16.2.17 (തനത് ഫണ്ട്)

നിർവഹണം - സെക്രട്ടറി

സമ്പൂർണ്ണ വൈദ്യുതീകരണം എന്ന പദ്ധതിക്കായി തനത്ഫണ്ടിൽ നിന്നും 123962/- രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയില്ല. രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 22/27.10.17) മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ 123962 രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-3 പൊതുടാപ്പുകളുടെ വെള്ളക്കരം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

കേരള ജല അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം 175 പൊതുടാപ്പുകൾക്ക് (പ്രതിവർഷം @ 7884/) പ്രതിമാസ വെള്ളക്കരമായി 114975 രൂപ നഗരസഭ ഒടുക്കി വരുന്നുണ്ട്. എന്നാൽ പൊതുടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നഗരസഭയിൽ കൃത്യമായ കണക്കുകളൊന്നുമില്ല. ജല അതോറിറ്റിയുമായി ചേർന്ന് സംയുക്ത ഭൗതിക പരിശോധന നടത്തി ഉപയോഗിക്കാത്ത ടാപ്പുകൾക്ക് വെള്ളക്കരം ഒടുക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്. പൊതുടാപ്പുകൾ പരമാവധി ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ് എന്ന് സ.ഉ. (സാധ) നം.1275/2009/ത.സ്വ.ഭ.വ., തീ. 30.05.09 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഗാർഹിക കണക്ഷൻ സബ്സിഡി അടിസ്ഥാനത്തിൽ അനുവദിച്ച് പൊതുടാപ്പുകൾ നിർത്തലാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിലും പ്രതിപാദിച്ചിട്ടുണ്ട്. സർക്കാർ മാർഗനിർദേശങ്ങൾ പാലിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 സാക്ഷരത - മുൻകൂറായി നൽകിയ തുക ക്രമീകരിക്കേണ്ടതാണ്

നഗരസഭയിലെ 2 സാക്ഷരതാ പ്രേരകുമാരുടെ ഓണറേറിയം, അലവൻസുകൾ എന്നിവ തനത് ഫണ്ടിൽ നിന്നുമാണ് ഓഡിറ്റ് വർഷം നൽകിയിട്ടുള്ളത്. G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശ സ്വയംഭരണ സ്ഥാപനം നൽകിയ ശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വാർഷിക കണക്കുകൾ പ്രകാരം സാക്ഷരതാ പ്രേരകിന് തൻവർഷം തനത് ഫണ്ടിൽ നിന്നും 97388 രൂപ ഓണറേറിയമായി നൽകിയിട്ടുണ്ട്. സാക്ഷരതാ മിഷനിൽ നിന്നും തുക റീക്കൂപ്പ് ചെയ്ത് മുൻകൂർ ക്രമീകരിക്കുന്നതിനുള്ള നടപടിയൊന്നും നഗരസഭ സ്വീകരിച്ചിട്ടില്ല. കൂടാതെ തനത് ഫണ്ടിൽ നിന്നും താത്ക്കാലിക അഡ്വാൻസായി നൽകേണ്ട തുക "Loans & Advances എന്ന ഹെഡിൽ ഉൾപ്പെടുത്തുന്നതിന് പകരം സേവനമേഖലയിലെ ലിറ്ററസി ചെലവായാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഓണറേറിയം ഇനത്തിൽ മുൻവർഷങ്ങളിൽ നൽകിയ തുകയിൽ നാളിതുവരെ ക്രമീകരിക്കാത്ത തുകയുടെ വിവരവും ലഭ്യമല്ല. ക്രമീകരിക്കാത്ത തുകയുടെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21/27.10.17 ന് മറുപടി ലഭ്യമാക്കിയില്ല. സാക്ഷരതാ പ്രേരകിന് നാളിതുവരെ തനത് ഫണ്ടിൽ നിന്നും നൽകിയ തുക സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല

വാർഷിക കണക്കുകൾ പ്രകാരം തൻവർഷം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 105000/- രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ സാക്ഷരതാ പ്രേരകുമാരുടെ ഓണറേറിയം ഉൾപ്പെടെ പല ഇനങ്ങൾക്കും തുക മുൻകൂറായി നൽകിയിട്ടുണ്ട്. നഗരസഭയിൽ തൻവർഷം മുൻകൂർ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതിനാൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുകകളുടെ വിവരം പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഡെപ്പാസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഡെപ്പോസിറ്റ് റീഫണ്ടുകളുടെ കൃത്യതയും പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല. ഓഡിറ്റ് എൻക്വയറി 22/27.10.17 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമായില്ല.

ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകൾ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 തെരുവ് വിളക്കുകളുടെ വൈദ്യുതിചാർജ് കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

നഗരസഭയിൽ തെരുവു വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 281397/- രൂപ വീതം തൻവർഷം 33,76,764 രൂപ ഒടുക്കിയിട്ടുണ്ട്. ഓഡിറ്റ് എൻക്വയറി (22/27.8.17) മുഖേന തെരുവ് വിളക്കുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾആവശ്യപ്പെട്ടിട്ടും നഗരസഭ കണക്കുകൾ ലഭ്യമാക്കിയില്ല. തെരുവ് വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിക്കുന്നതിനായി നഗരസഭ വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധനയും നടത്തിയിട്ടില്ല. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി വൈദ്യുത വിളക്കുകളുടെ ഇനം തിരിച്ചുള്ള കൃത്യമായ കണക്ക് തയ്യാറാക്കി സൂക്ഷിക്കേണ്ടതും പ്രകാശിക്കാത്ത വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ മീറ്റർ സ്ഥാപിച്ച് യഥാർത്ഥ ഉപഭോഗത്തിന് മാത്രം തുക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മുൻസിപ്പൽ ഫണ്ടിനുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കേണ്ടതാണ്.

## 3-7 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളുടെ അവലോകനം

1. മെഡിക്കൽ ഓഫീസർ (ഗവ. ഹോസ്പിറ്റൽ) മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) ഹെൽത്ത് ഓഫീസർ എന്നിവരാണ് ആരോഗ്യ മേഖലയിലെ പദ്ധതികൾ

നടപ്പാക്കിയത്. നടപ്പാക്കിയ പദ്ധതികളുടെ വിശദ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗികാരം ലഭിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ | 3 | 2 | 32,64,400 | 19,51,436 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 10,73,043 | 9,93,343 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 3 | 0 | 5,52,852 | 0 |

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം അംഗീകാരം ലഭിച്ച രണ്ട് പദ്ധതികളും നല്ല രീതിയിൽ സമയ ബന്ധിതമായി നടപ്പാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ, പി.എച്ച്.സിക്ക് 3 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിലും ഒരു പ്രൊജക്ടും നടപ്പാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ, ഗവ. താലൂക്ക് ഹോസ്പിറ്റൽ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

2. വയോമിത്രം പദ്ധതിക്ക് ഫർണ്ണിച്ചർ, മെഡിസിൻ റാക്ക് എന്നിവ വാങ്ങാൻ പദ്ധതി ഫണ്ട് ചെലവഴിച്ചു

വയോമിത്രം എന്ന പ്രൊജക്ടിനായി (269) 13,82,200 രൂപ താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. (ബിൽ നമ്പർ 3/16-17 dt 29.03.17).

| ക്രമനമ്പർ | ഇനം | തുക |
|---|---|---|
| 1 | അഡ്വാൻസ് -കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ | 10,00,000 |
| 2 | മെഡിസിൻ റാക്ക്-സിഡ്കോ | 43,819 |
| 3 | ഫർണ്ണിച്ചർ - സിഡ്കോ | 3,38,381 |
| ആകെ | | 13,82,200 |

കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ നടപ്പാക്കുന്ന വയോമിത്രം പദ്ധതിക്കായി മെഡിസിൻ റാക്ക്, ഫർണ്ണിച്ചർ എന്നിവ വാങ്ങി നൽകുന്നതിനായി 13,82,200/-രൂപ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിച്ച് വയോമിത്രം ഓഫീസിന് ഫർണിച്ചർ വാങ്ങി നൽകിയത് പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമല്ല. പദ്ധതി മാർഗ്ഗരേഖ (ജി.ഒ.(എം.എസ്) 4/6/തസ്വഭവ തീയതി 11.1.16) പ്രകാരം അനുവദിച്ചിട്ടുള്ള ഇനങ്ങൾക്ക് മാത്രമാണ് പദ്ധതി ഫണ്ട് ചെലവഴിക്കാവുന്നത്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (2/19.10.17) നൽകിയെങ്കിലും മറുപടിയൊന്നും ഹാജരാക്കിയില്ല. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് അഡ്വാൻസായി നൽകിയ 10,00,000 രൂപയുടെ രസീതോ വിനിയോഗ സാക്ഷ്യപത്രമോ ഓഡിറ്റിന് ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 13,82,200 രൂപ തടസ്സത്തിൽ വെക്കുന്നു. സിഡ്കോയിൽ നിന്നും വാങ്ങിയ ഫർണ്ണിച്ചർ, അലമാര എന്നിവ ഉപയോഗിക്കാതെ പഞ്ചായത്തിന്റെ ഗോഡൗണിൽ സൂക്ഷിച്ചിരിക്കുകയാണ്. ഫോട്ടോ ചേർക്കുന്നു.





3) <u>പാലിയേറ്റീവ് കെയർ -അവലോകനം</u>

ഗുരുതരമായ രോഗ ബാധിതർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ സംയുക്തമായ പ്രവർത്തനങ്ങളിലൂടെ മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ) നം.3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. രോഗ ബാധിതരുടെ വീടുകൾ സന്ദർശിച്ചു കൊണ്ട് നടപ്പിലാക്കുന്ന ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം.

2016-17 വർഷത്തെ സാന്ത്വന ചികിത്സാ പ്രവർത്തനങ്ങളുടെ രേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

2013 മാർച്ചിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു.ഇതു വരെ 303 രോഗികളെ രജിസ്റ്റർ ചെയ്തതിൽ 92 രോഗികൾക്കാണ് ഹോം കെയർ ആവശ്യമായിട്ടുള്ളത്. എല്ലാ വ്യാഴാഴ്ചയും പാലിയേറ്റീവ് ഒ.പി. നടക്കുന്നുണ്ട്. എല്ലാ മാസവും അവലോകന യോഗങ്ങളും 3 മാസം കൂടുമ്പോൾ PMC യും നടത്താറുണ്ട്. 29 വാർഡുകളിലായി ഹോം കെയർ നടത്തുന്നുണ്ട്.

മെമ്പർമാരും, ആശാ വർക്കർമാരും, മെഡിക്കൽ ഓഫീസർമാരും, ഹെൽത്ത് സ്റ്റാഫും, സന്നദ്ധപ്രവർത്തകരും അടങ്ങുന്ന പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് വിലയിരുത്തൽ നടത്തേണ്ടതാണ്. ഭക്ഷണം, ഓണറേറിയം, വാഹന വാടക എന്നിവയ്ക്കാണ് വികസന ഫണ്ട് കൂടുതലായി ചെലവഴിച്ചിട്ടുള്ളത്.
എറ്റവും അവശരായ രോഗ ബാധിതർക്ക് ആവശ്യമായ വാട്ടർ ബെഡ്, എയർ ബെഡ്, വാക്കർ എന്നിവ വാങ്ങിയിട്ടില്ല.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1. പദ്ധതിക്കായി 10,00,000 രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും 5,69,236 (57%) തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ആവശ്യകത വിലയിരുത്തി മാത്രം ഫണ്ട് വകയിരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.
2. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി, പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി ചേരുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
3. പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖയായ ജി.ഒ. (ആർ.ടി) 3217/2015 ത.സ്വ.ഭ.വ തീയതി 29.10.15 ലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-8 അങ്കണവാടി-THRS ഭക്ഷ്യമിശ്രിതം- ലാബ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല

മണ്ണാർക്കാട് മുൻസിപ്പാലിറ്റിയിലെ അങ്കണവാടികളിൽ വിതരണം ചെയ്യുന്ന THRS ഭക്ഷ്യമിശ്രിതത്തിന്റെ ലാബ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയില്ല. സാമൂഹിക ക്ഷേമഡയറക്ടറുടെ 18.12.2010 ലെ കത്ത് നം ICDS B3-312/2010 പ്രകാരം ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ടു മാസത്തിലൊരിക്കലും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാൻ നിർദ്ദേശമുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല. ലാബ് റിപ്പോർട്ട് ലഭ്യമാക്കാനും ലഭിക്കുമ്പോൾ ആവശ്യമായ രേഖപ്പെടുത്തലുകൾ ഉണ്ടെന്ന് ഉറപ്പുവരുത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 3-9 അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22.03.2011 ലെ സർക്കുലർ നമ്പർ 31055/ഡി.സി.2/2011 പ്രകാരം എല്ലാ വർഷവും മെയ് 10 നകം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്ന ഈ സംവിധാനം നഗരസഭയിലെ അങ്കണവാടികളിൽ നടന്നിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അധ്യക്ഷൻ എല്ലാ വർഷവും മാർച്ച് മാസം അവസാനം ഐ.സി.ഡി.എസ് സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എഞ്ചിനീയർ/ ഓവർസീയർ എന്നിവരുടെ യോഗം വിളിച്ച് ചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും മെയ് 30 നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്. സർക്കാർ നിർദേശം പാലിക്കേണ്ടതും തുടർന്നുള്ള ഓഡിറ്റിൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 3-10 എസ്.സി. വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ - മറ്റ് സ്രോതസിൽ നിന്നും ഫർണിച്ചറുകൾ ലഭ്യമായില്ല എന്ന സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്ട് നമ്പർ : 252/17

പ്രൊജക്ട് : എസ്.സി. വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ

അടങ്കൽ : 14,52,400 ( പദ്ധതി വിഹിതം-എസ്.സി.പി)

ചെലവ് : 14,51,397

ബിൽ നമ്പർ : 7/16-17 dt 27.3.17

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ, ജി.എം.എൽ.പി. സ്കൂൾ, മണ്ണാർക്കാട്

എസ്.സി. വിദ്യാർത്ഥികൾക്ക് പഠന സൗകര്യമൊരുക്കൽ എന്ന പ്രൊജക്ടിന് 363 മേശയും കസേരയും വാങ്ങിയതിന് 14,51,397 രൂപ സിഡ്കോക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത ആനുകൂല്യം മറ്റു വകുപ്പുകളിൽ നിന്നും ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (12/26.10.17) നൽകിയെങ്കിലും ആയത് ലഭ്യമാക്കിയില്ല. പ്രൊജക്ടുകൾ നിർവ്വഹണം നടത്തുമ്പോൾ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-11 സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ (ഷീ പാഡ്)-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

പ്രൊജക്ട് നമ്പർ : 170/17

പ്രൊജക്ട് : സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ (ഷീ പാഡ്)

അടങ്കൽ : 1,00,000 ( പദ്ധതി വിഹിതം)

ചെലവ് : 40,200

ബിൽ നമ്പർ : 2/16-17 dt 27.1.17

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ, ജി.എം.എൽ.പി. സ്കൂൾ, മണ്ണാർക്കാട്

സ്കൂൾ വിദ്യാർത്ഥിനികൾക്ക് സാനിട്ടറി നാപ്കിൻ (ഷീ പാഡ്) എന്ന പ്രൊജക്ടിന് 40,200 രൂപ കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന് നൽകിയിട്ടുണ്ട് (ഡി.ഡി നമ്പർ - 454982/2.2.17). ആയതിന്റെ വിനിയോഗ രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം (12/26.10.17) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ 40200/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗ രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. പദ്ധതി പൂർത്തീകരണം ഉറപ്പാക്കേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

## 3-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

2016-17 സാമ്പത്തിക വർഷത്തിൽ വെറ്റിനറി സർജൻ നിർവഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

1. <u>പ്രത്യേക കന്നുകുട്ടിപരിപാലന പരിപാടി (പ്രൊജക്ട് നം.-11 /2017)</u>

അടങ്കൽ-1250000 – പദ്ധതി വിഹിതം (ജനറൽ) 312500

സംസ്ഥാനാവിഷ്കൃത ഫണ്ട് – 312500

ഗുണഭോക്തൃ വിഹിതം – 625000

ചെലവ് - 93750

പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ബിൽ നമ്പർ 3/16-17 തീയ്യതി 7.3.17 പ്രകാരം 93,750 രൂപ പിൻവലിച്ച് അസിസ്റ്റന്റ് ഡയറക്ടർ, കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം, പാലക്കാടിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

2. <u>തെരുവു നായ്ക്കളുടെ ജനന നിയന്ത്രണ പദ്ധതി (പ്രൊജക്ട് നം11 /2017)</u>

അടങ്കൽ- 500000

ചെലവ്- 500000

ബിൽ നം.- 2/2016-17 തിയതി. -7.3.2017 തുക -500000

മേൽ പ്രൊജക്ടിന് നഗരസഭയുടെ വിഹിതമായി 5,00,000 രൂപ ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-13 <u>പാലിയേറ്റീവ് കെയർ പദ്ധതിക്കാവശ്യമായ മരുന്നുകൾ ലഭ്യമായില്ല</u>

പ്രൊജക്ട് നമ്പർ : 268/17

പ്രൊജക്ട് : പാലിയേറ്റീവ് കെയർ

അടങ്കൽ : 10,00,000 ( പദ്ധതി വിഹിതം)

ചെലവ് : 5,69,236

ബിൽ നമ്പർ : 4/16-17 dt 29.3.17

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, താലൂക്ക് ഹോസ്പിറ്റൽ

പാലിയേറ്റീവ് കെയർ ആവശ്യത്തിനായി മരുന്ന് വാങ്ങുന്നതിനായി 69,423 രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ട്. ആയതിൽ 28524 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി 40899 രൂപയുടെ മരുന്ന് ലഭ്യമാക്കി വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതാണ്

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്ട് നം. | പ്രൊജക്ട് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|---|
| 1 | 233/17 | നായാടിക്കുന്ന് എസ്.സി. കുടിവെള്ള പദ്ധതി | 1/16.11.16 | 100000 | KWA, PH Division, Shornur |
| | | | 2/16.11.16 | 900000 | |
| 2 | 256/17 | അരയങ്ങോട്, ആണ്ടിപ്പാടം, വടക്കുമണ്ണം, പാറപ്പുറം, നെല്ലിപ്പുഴ, നാരങ്ങാപ്പറ്റ വാർഡുകളിലെ സ്ട്രീറ്റ് മെയിൻ | 3/31.3.17 | 342940 | KWA, PH Division, Shornur |
| 3 | 242/17 | പാറപ്പുറം തോരാപുരം മണിമുണ്ട കോളനി ഇലക്ട്രിക് ലൈൻ | 4/31.3.17 | 49940 | KWA, PH Division, Shornur |
| 4 | 204/17 | നായാടിക്കുന്ന് നാലുസെന്റ് കോളനി പൈപ്പ് ലൈൻ | 5/22.2.17 | 150000 | KWA, PH Division, Shornur |
| 5 | 195/17 | ചെക്ക് പോസ്റ്റ് ജംഗ്ഷൻ- ജൂബിലി ഗാർഡൻ പൈപ്പ് ലൈൻനീട്ടൽ | 6/22.2.17 | 100000 | KWA, PH Division, Shornur |
| 6 | 189/17 | നമ്പിയംപടി-നെട്ടേപ്പുറം കുടിവെള്ള പദ്ധതി | 7/22.2.17 | 350000 | KWA, PH Division, Shornur |
| 7 | 244/17 | പുത്തൻകുളം എസ്.സി.കോളനി പൈപ്പ് ലൈൻ | 9/31.3.17 | 95000 | KWA, PH Division, Shornur |
| 8 | 241/17 | പെരിഞ്ചോളം എസ്.സി.കോളനി പൈപ്പ് ലൈൻ | 8/31.3.17 | 150000 | KWA, PH Division, Shornur |
| 9 | 292/17 | വാർഡ് 1മുതൽ 29 വരെ കുടിവെള്ള സ്രോതസ്സുകളുടെ നവീകരണം | 58/30.3.17 | 1125000 | KWA, PHDivision, Shornur |

ജി.ഒ.(ആർ.ടി) 1372/2013 ത.സ്വ.ഭ.വ. 26.5.2013 ഉത്തരവ് പ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന കുടിവെള്ള പദ്ധതികൾക്കു വേണ്ടി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്യേണ്ടി വരുന്ന സാഹചര്യങ്ങളിൽ എസ്റ്റിമേറ്റ് അടിസ്ഥാനത്തിലുള്ള എഗ്രിമെന്റ് പ്രകാരം മാത്രമേ ഡെപ്പോസിറ്റ് ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മേൽ പ്രവൃത്തികളിലൊന്നും തുക ഡെപ്പോസിറ്റ് ചെയ്യുമ്പോൾ KWA, PH Division, Shornur മായി എഗ്രിമെന്റ് ചമച്ചിട്ടില്ല. പദ്ധതി പൂർത്തീകരണം വൈകുകയോ, മറ്റു കാരണങ്ങളാൽ പദ്ധതി പൂർണ്ണമായി നടപ്പിലാക്കാതെ ഇടയിൽ ഉപേക്ഷിക്കുകയോ ചെയ്താൽ തുടർ നടപടികൾ സ്വീകരിക്കണമെങ്കിൽ കരാർ നിർബന്ധമാണ്. വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയതിന്റെ രേഖകൾ, ക്രമ നം. 9 ഒഴികെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. കേരള ജല അതോറിറ്റിയുമായി കരാർ വെയ്ക്കാൻ ശ്രദ്ധിക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 16/26.10.17)

## **3-15** ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കിയ പ്രവൃത്തിക്ക് യഥാർത്ഥ ചെലവിലും അധിക തുക നൽകി

പ്രോജക്ട് നം.- 112/2016-17 പൂക്കുന്ന് കോളനി റോഡ് ടാറിംങ്

(spill over project 233/2015-16)

അടങ്കൽ 300000 (തനത് ഫണ്ട്)
ചെലവ് -തനത് ഫണ്ട് ചെക്ക് നമ്പർ -1844502/9.11.2016

തുക – 242418 (ഓൺ ലൈൻ ട്രാൻസ്ഫർ) – A/c. 67361430231 (SBT, Mannarkad)

എം.ബുക്ക്.നം 78/2015-16

എഗ്രിമെന്റ് നം49/15-16/AE/LSGD MKD/3-9-2015

കൺവീനർ-അബ്ദുൾ സലാം

മണ്ണാർക്കാട് നഗരസഭയിൽ 2015-16 കാലയളവിൽ ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി വാർഡ് 14 ൽ നടപ്പിലാക്കാനുദ്ദേശിച്ച മേൽ പ്രവൃത്തിയിൽ 210 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും റീടാറിംങ് ചെയ്ത് പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുവാനാണ് വിഭാവനം ചെയ്തിരുന്നത്.

2014 ലെ DSR പ്രകാരം കരാറുകാരന്റെ ലാഭ വിഹിതം ഒഴിവാക്കി 300000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും എം ബുക്ക് പ്രകാരം ബിറ്റുമിന്റെ അധിക വില കഴിച്ച് 228696.38 രൂപ ഈ പദ്ധതിയുടെ ചെലവായി കണക്കാക്കി തുക അനുവദിക്കുകയും

ചെയ്തിട്ടുണ്ട്. എന്നാൽ കൺവീനർ സമർപ്പിച്ച കണക്കു പ്രകാരം (മിനുട്സ് ബുക്കിൽ അംഗീകരിച്ച കണക്കുകൾ) ആകെ ചെലവ് 223255 രൂപ മാത്രമാണ്. ഗുണഭോക്തൃ സമിതി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പാലിക്കേണ്ട നടപടി ക്രമങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡ് 1999ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലും 1997ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 13ലും സർക്കുലർ നം. 1/1559/2010/സി.ഇ./തസ്വഭവ തിയതി 13.11.2014 എന്നിവയിലും വ്യക്തമാക്കിയിട്ടുണ്ട്. ഇവ പ്രകാരം എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ചുള്ള പ്രവൃത്തികൾക്ക് കരാറുടമ്പടിയിലെ നിരക്കുകൾ പ്രകാരമുള്ള ബിൽ തുകയോ, ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണോ കുറവ് അതാണ് നൽകാവുന്നത്.

മേൽ വ്യവസ്ഥകൾ പാലിക്കാതെ കൺവീനർ സമർപ്പിച്ച കണക്കു പ്രകാരമുള്ള 223255 രൂപയ്ക്ക് പകരം അളവ് പുസ്തകം പ്രകാരമുള്ള 228696.38 രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്. 5441/- രൂപ അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/27.10.17) മറുപടി ലഭിച്ചില്ല. അതിനാൽ ₹ 5441/-യുടെ ചെലവ് തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-16 മരാമത്ത് പ്രവൃത്തികളുടെ കരാറുകാർ കരാറുടമ്പടി വെക്കുവാൻ കാലതാമസം വരുത്തിയിട്ടും നിയമാനുസൃത പിഴ ഈടാക്കിയില്ല

സ.ഉ (പി) നം.13/2012/PWD തിയതി 1-12-2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് മാന്വലിലെ 2009.6 നം. വകുപ്പ് പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കുവാൻ നോട്ടീസിൽ വ്യക്തമാക്കേണ്ടതും 14 ദിവസം കഴിഞ്ഞ് 10 ദിവസം വരെ കരാർ തുകയുടെ 1% പിഴ സഹിതം കരാറുടമ്പടി വെയ്ക്കാവുന്നതാണ് . പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്. 24 ദിവസത്തിനുള്ളിലും കരാറുടമ്പടി വെക്കാത്തപക്ഷം കരാർ റദ്ദാക്കേണ്ടതും ഇ.എം.ഡി മുതൽക്കൂട്ടി കരാർ നിബന്ധനകൾക്കനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാർ എഗ്രിമെന്റ് ഒപ്പുവെക്കുവാൻ കാലതാമസം വരുത്തിയിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടെത്തി.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ടെണ്ടർ ഭരണ സമിതി അംഗീ കരിച്ച തിയതി | പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവ സാന തിയതി | എഗ്രി മെന്റ് വെച്ച തിയതി, നം. | ഈടാ ക്കേണ്ടി യിരുന്ന പിഴ (1%) |
|---|---|---|---|---|---|
| 1 | 177/17 – എതിർപ്പണം റോഡ് രാമകൃഷ്ണന്റെ വീട്ടു മുതൽ ശിവൻകുന്ന് റോഡ് വരെ കോൺക്രീറ്റിംഗ് & റീടാറിംഗ്<br>അടങ്കൽ - 400000/-<br>പി.എ.സി. –399699/-<br>കരാറുകാരൻ - ശ്രീ. എം.ടി.ബാല ചന്ദ്രൻ<br>എം.ബുക്ക് നം. - 77/16-17, 77A/16-17<br>ബിൽ നം. 59/30.3.17,<br>44/22.3.17 | 16.1.17 | 6.2.17 | 6.3.17<br>നം.77 | 3996 |
| 2 | 196/16-17 – വൈശ്യാൽ സ്ട്രീറ്റ് -വാസവി കല്ല്യാണ മണ്ഡപം റോഡ് റീടാറിംഗ് ചാൽ സ്ലാബിടൽ<br>അടങ്കൽ - 425000/-<br>പി.എ.സി. - 424985/-<br>കരാറുകാരൻ - ശ്രീ.എം.ടി.ബാല ചന്ദ്രൻ<br>എം.ബുക്ക് നം. - 78,78A, 78B/16-17<br>ബിൽ നം. 56/30.3.17<br>46/22.3.17 | 16.1.17 | 6.2.17 | 6.3.17<br>നം.78 | 4249 |
| | ആകെ | | | | 8245 |

ഈടാക്കുവാൻ വിട്ടുപോയ പിഴ ₹ 8245/- കരാറുകാരിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്. തുകയുടെ ഒടുക്കിന്റെ വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 17/26.10.17)

## 3-17 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില മുനിസിപ്പൽ ഫണ്ടിലേക്ക് മാറ്റേണ്ടതാണ്

2016-17 വർഷത്തിൽ 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുണ്ട്. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും മണ്ണാർക്കാട് മുനിസിപ്പാലിറ്റിയിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് (SBT, മണ്ണാർക്കാട് അക്കൗണ്ട് നം. 67382595153) നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ മുനിസിപ്പാലിറ്റിയുടെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പനനികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | ടെണ്ടർ ഫോറങ്ങളുടെ എണ്ണം | ടെണ്ടർ ഫോറത്തിന്റെ വില | വാറ്റ് | ടെണ്ടർ തിയതി |
|---|---|---|---|---|---|---|
| 1 | കംഫർട്ട് സ്റ്റേഷൻ നിർമ്മാണം<br>272/17 | 2632001 | 3 | 15000 | 750 | 17.2.17 |
| 2 | അരകുർശി റോഡിൽ ഡ്രൈനേജും സ്ലാബും<br>168/17 | 500000 | 5 | 5250 | 262 | 13.2.17 |
| 3 | LP UP സ്കൂൾ മേൽപ്പുര മെച്ചപ്പെടുത്തി പെയിന്റിംഗ്<br>82/17 | 756000 | 4 | 6400 | 320 | 13.2.17 |
| 4 | തോരാപുരം കോളനി റോഡ് ടാറിംഗ് ഐറിഷ് ഡ്രൈനേജ്<br>89/17 | 500000 | 5 | 5250 | 262 | 13.2.17 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ചേലേങ്കര പട്ടികവർഗ്ഗ കോളനി റോഡ് നിർമ്മാണം<br>91/17 | 539000 | 8 | 9200 | 460 | 13.2.17 |
| 6 | മുണ്ടേക്കരാട് പള്ളി റോഡ് ടാറിംഗ് & കോൺക്രീറ്റ്<br>97/17 | 800000 | 5 | 8500 | 425 | 13.2.17 |
| 7 | കിഴക്കുംപുറം പെരിമ്പടാരി റോഡ് ടാറിംഗ്<br>130/17 | 500000 | 4 | 4000 | 200 | 13.2.17 |
| 8 | നായാടിക്കുന്ന് എസ്.സി. കോളനി സൈഡ് പ്രൊട്ടക്ഷൻ & കോമ്പൗണ്ട് വാൾ നിർമ്മാണം | 1000000 | 2 | 4000 | 200 | 3.3.17 |
| 9 | തെന്നാരി എസ്.സി. കോളനി കുടിവെള്ള പദ്ധതി<br>239/17 | 800000 | 1 | 1600 | 80 | 30.3.17 |
| 10 | ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീ കരണം<br>275/17 | 2112864 | 3 | 15000 | 750 | 30.3.17 |
| 11 | കോടതിപ്പടി പാർക്ക് ബസ്സ്ബേ നിർമ്മാണം<br>274/17 | 1409332 | 4 | 20000 | 1000 | 30.3.17 |
| | | | ആകെ | 94200 | 4709 | |

നഗരസഭക്ക് അർഹതപ്പെട്ട 94200 രൂപ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും മുൻസിപ്പൽ ഫണ്ടിലേക്ക് മാറ്റേണ്ടതാണ്. വാറ്റ് തുക വില്പനനികുതി

ഓഫീസിൽ ഒടുക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 15/26.10.17)

## 3-18 ടാറിന് അധിക വില നൽകിയത് തിരികെ ഈടാക്കിയിട്ടില്ല

നഗരസഭയിലെ വിവിധ മരാമത്ത് പ്രവർത്തികൾക്ക് ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷൻ, ഹിന്ദുസ്ഥാൻ കോലാസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നിന്നും ടാർ വാങ്ങിയിട്ടുണ്ട്. ആയതിന് ആകെ 1323267രൂപ നഗരസഭയിൽ നിന്നും നൽകിയിട്ടുണ്ടെങ്കിലും ഇൻവോയ്സ് പ്രകാരം ലഭ്യമാക്കിയ ടാറിന്റെ വില 1248391.68 രൂപയാണ്. ഇൻവോയ്സ് ബില്ലിലെ തുകയെക്കാൾ അധികരിച്ച തുകയാണ് ചെക്ക് മുഖാന്തിരം എന്നീ കമ്പനികൾക്ക് നൽകിയിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ചെക്ക് നം/തീ. | തുക | ഹിന്ദുസ്ഥാൻ പെട്രോളിയം കോർപറേഷൻ ഇൻവോയ്സ് പ്രകാരമുള്ള തുക | അധികം നൽകിയത് |
|---|---|---|---|---|
| 1 | 1844594 തി.7/4/2017 | 1203647 | 1)0047817/dt.06.5.17 ₹315798.05<br>2)0047951/dt.08.5.17 ₹315798.05<br>3)0047969/dt.08.5.17 ₹315798.05<br>4)0037496/dt.15.5.17 ₹184215.53<br>ആകെ-1131609.68 | 72037.32 |
| ക്രമ നം | ചെക്ക് നം/തീ. | തുക | ഹിന്ദുസ്ഥാൻ കോലാസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഇൻവോയ്സ് പ്രകാരമുള്ള തുക | അധികം നൽകിയത് |
| 1 | 1844593 തി.7/4/2017 | 119620 | 1)348028/dt.29.4.17 ₹23548<br>2)348029/dt.29.4.17 ₹93234 | 2838 |
| | ആകെ | 1323267 | 1248391.68 | 74875.32 |

എന്നീ കമ്പനികളുടെ കൈവശമുള്ള തുക ₹74875.32 തിരികെ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13/26.10.17)

## 3-19 ഗുണഭോക്തൃസമിതി നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

ഗുണഭോക്തൃസമിതി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളിൽ പാലിക്കേണ്ട നടപടിക്രമങ്ങൾ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃസമിതി മാർഗ്ഗരേഖയിലും 1997ലെ കേരള മുനിസിപ്പാലിറ്റി (പൊതു മരാമത്ത് പണികളുടെ നടത്തിപ്പും സാധനങ്ങൾ വാങ്ങലും) ചട്ടങ്ങളിലെ ചട്ടം 13ലും വ്യക്തമാക്കിയിട്ടുള്ളതാണ്. സർക്കുലർ നം. 1/1559/2010/ സി.ഇ./തസ്വഭവ തിയതി, 13.11.2014ലും ഗുണഭോക്തൃ സമിതി മുഖേന പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങൾ നൽകിയിരുന്നു. ചട്ടങ്ങളിലേയും മാർഗ്ഗനിർദ്ദേശങ്ങളിലേയും നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തിയതായി രേഖകളുടെ പരിശോധനയിൽ കണ്ടെത്തി. ഓഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കിയ ഫയലുകളിൽ കണ്ടെത്തിയ അപാകതകളുടെ വിവരം താഴെ ചേർക്കുന്നു.

- കൺവീനറുടെയും ചെയർമാന്റെയും പേരിൽ സ്ഥലത്തെ ഒരു അംഗീകൃത ബാങ്കിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ച് പ്രസ്തുത അക്കൗണ്ടിൽ കൂടി മാത്രമേ പണമിടപാടുകൾ നടത്താൻ പാടുള്ളൂ. അക്കൗണ്ടുകളുടെ പാസ്ബുക്കോ, സാക്ഷ്യപ്പെടുത്തിയ പകർപ്പോ ഫയലിൽ സൂക്ഷിച്ചിട്ടില്ല.
- ഗുണഭോക്തൃ സമിതി ഏറ്റെടുത്ത് നടത്തുന്ന പ്രവൃത്തികൾക്ക് വാങ്ങുന്ന സാധനങ്ങൾ, നിയോഗിക്കുന്ന തൊഴിലാളികളുടെ വേതനം, യന്ത്ര സാമഗ്രികളുടെ വാടക തുടങ്ങിയവ സംബന്ധിച്ച കണക്കുകൾ, മസ്റ്റർ റോൾ, മിനിട്ട് ബുക്ക് എന്നിവ കൺവീനർ തയ്യാറാക്കി നിർവഹണ ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തികളുടെ മിക്ക ഫയലുകളിലും പ്രസ്തുത രേഖകൾ സൂക്ഷിച്ചിട്ടില്ല. രേഖകളിൽ ഒന്നിലും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.
- ഗുണഭോക്തൃസമിതി കൺവീനറുമായി നിർവഹണ ഉദ്യോഗസ്ഥൻ കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ്. ടി കരാർ വെക്കുന്നതിന് കൺവീനറെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള മറ്റൊരു കരാർ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ കൺവീനറുമായി ഏർപ്പെടേണ്ടതാണ്. എന്നാൽ ഇപ്രകാരം കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ മിക്ക ഫയലുകളിലും സൂക്ഷിച്ചിട്ടില്ല.
- ഗുണഭോക്തൃസമിതിക്ക് കരാർ തുകയുടെ 25% വരുന്ന തുക മൊബിലൈസേഷൻ അഡ്വാൻസായി നൽകാമെങ്കിലും ആയത് ആർക്കും അനുവദിച്ചിട്ടില്ല.
- കൺവീനർ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്ന സിമന്റ്,കമ്പി.ബിറ്റുമിൻ എന്നിവ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നോ,ഡീലർമാരിൽ നിന്നോ മാത്രമേ വാങ്ങാൻ

പാട്ടുള്ളൂ. എന്നാൽ മിക്ക പ്രവൃത്തികളിലും സാധനങ്ങൾ വാങ്ങിയ ബില്ലുകൾ സൂക്ഷിച്ചിട്ടില്ല.

ഗുണഭോക്തൃസമിതി മുഖേന പ്രവൃത്തികൾ നടപ്പാക്കുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്. ഗുണഭോക്തൃ സമിതികൾ മുഖേനയുള്ള മരാമത്ത് പണികളുടെ നടത്തിപ്പിലും രേഖകളുടെ സൂക്ഷിപ്പിലും ചട്ടങ്ങളും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും നിർബന്ധമായും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

എന്നാൽ മേൽ പറഞ്ഞ യാതൊരു രേഖകളും ഹാജരാക്കാതെയാണ് താഴെ പറയുന്ന പ്രവൃത്തികൾക്ക് തുക അനുവദിച്ചിരിക്കുന്നത്. എഗ്രിമെന്റ്, സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ, മസ്റ്റർ റോളുകൾ, ബാങ്ക് വഴി പണമിടപാട് നടത്തിയതിന്റെ രേഖകൾ, മിനുട്സ് ബുക്കുകൾ, വരവു ചെലവു കണക്കുകൾ എന്നിവ ഹാജരാക്കാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്.

ഗുണഭോക്തൃ സമിതി വഴി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫൈനൽ ബില്ലും എം. ബുക്കും മാത്രമേ പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളൂ.

| ക്രമ നം | പ്രോജക്ടിന്റെ നമ്പർ, പേര്, അടങ്കൽ തുക | കൺവീനറുടെ പേര്, | അളവു പുസ്തകം | ട്രഷറി ബിൽ നം., തിയതി | തുക₹ | കുറിപ്പുകൾ |
|---|---|---|---|---|---|---|
| 1 | 141/17<br>അരയങ്ങോട് യൂണിറ്റി സ്കൂൾ ഒന്നാം ഗെയ്റ്റ് റോഡ് ഇന്റർ ലേക്ക് പതിക്കൽ<br>₹.50000 | ബൈജു | 40/16-17 | 62/31.3.17 | 33047 | |
| 2 | 138/17<br>തെന്നാരി ഭുവനേശ്വരി ക്ഷേത്രം റോഡ് കോൺക്രീ റ്റിംഗ്<br>₹. 50000 | കൃഷ്ണ പ്രസാദ്.പി. | 86/16-17 | 66/31.3.17 | 50000 | കരാർ ഉടമ്പടി സൂക്ഷി ച്ചിട്ടുണ്ട്. |
| 3 | 145/17<br>നെല്ലിപ്പുഴ റോഡ് സൈഡ് കെട്ടൽ<br>₹. 400000 | വിനോദ്.ടി. | 52/16-17 | 71/31.3.17 | 397077 | |

| | | | | | | |
|---|---|---|---|---|---|---|
| 4 | 252/17<br>മുക്കണ്ണം എസ്.സി. റോഡ് ഡ്രൈനേജ്<br>₹. 300000 | സുധീഷ്. എൻ.സി. | 134/16-17 | 17/31.3.17 | 299213 | |
| 5 | 152/17<br>നായാടിക്കുന്ന് നാരങ്ങാപ്പെറ്റ മെയിൻ റോഡിലുള്ള തെറ്റത്ത് ഉൾറോഡുകൾ | രാമൻകുട്ടി. സി.പി. | 35/16-17 | 16/9.3.17 | 228825 | |
| ആകെ | | | | | 1008162 | |

രേഖകൾ ഹാജരാക്കുന്നതുവരെ ₹1008162/- യുടെ ചെലവുതുക തടസ്സത്തിൽ വെക്കുന്നു. (ഓഡിറ്റ് എൻക്വയറി നം. 14/26.10.17).

## 3-20 ഇറിഗേഷൻ കനാൽ ക്ലീനിംഗിന് തനത് ഫണ്ട് ചെലവഴിച്ചു

ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള കാഞ്ഞിരപ്പുഴ ഇറിഗേഷൻ കനാലിലെ മണ്ണ് ജെ.സി. ബി. ഉപയോഗിച്ച് നീക്കം ചെയ്ത് കനാൽ വൃത്തിയാക്കിയതിന് തനത് ഫണ്ടിൽ നിന്നും വൗച്ചർ നമ്പർ - 21601014/31-3-17 പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർക്ക് 260285/- രൂപ നൽകിയിട്ടുണ്ട്. വിവിധ വാർഡുകളിലെ ചെലവിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| വാർഡ് 8 | 53680 |
| വാർഡ് 7 | 26335 |
| വാർഡ് 9 | 79470 |
| വാർഡ് 10 | 45800 |
| വാർഡ് 18 | 55000 |
| ആകെ | 260285 |

petty work എന്ന് രേഖപ്പെടുത്തി Other Administrative expenses എന്ന ഹെഡിൽ

നിന്നാണ് തുക ചെലവഴിച്ചിട്ടുള്ളത്. കനാൽ ക്ലീനിംഗിനുള്ള നടപടി ഇറിഗേഷൻ വകുപ്പ് നടപടി സ്വീകരിക്കാത്തതിനാൽ നഗരസഭാ ഫണ്ട് വിനിയോഗിച്ച് പ്രവൃത്തി നടപ്പിലാക്കുവാനുള്ള ഭരണസമിതി തീരുമാനത്തിന്റെ (31.3.17 ലെ 5 നമ്പർ) അടിസ്ഥാനത്തിലാണ് എ.ഇ.യ്ക്ക് തുക നൽകിയിട്ടുള്ളത്. ഇറിഗേഷൻ വകുപ്പിന്റെ ആസ്തി സംരക്ഷണത്തിനായി നഗരസഭയുടെ ഫണ്ട് വിനിയോഗിച്ചത് ക്രമപ്രകാരമല്ല. കൂടാതെ 2.5 ലക്ഷം രൂപയുടെ പ്രവൃത്തി നടത്തിപ്പിനായി നിയമാനുസൃതം ടെണ്ടർ ക്ഷണിക്കുകയൊ കരാറിലേർപ്പെടുകയോ ചെയ്തു കാണുന്നില്ല. കൂടാതെ പ്രവൃത്തിയുടെ ബില്ല്, അളവ് പുസ്തകം തുടങ്ങിയവയും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി 21/27.10.17 പ്രകാരം ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയുടെ ചുമതലയിൽ ഉൾപ്പെടാത്ത ഇനങ്ങൾക്കായി ചെലവഴിച്ച 260285 – രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-21 മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും സൂക്ഷിക്കേണ്ടതാണ്

2016-17 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

- മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസ് സൂക്ഷിക്കുന്നില്ല.
- ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
- കരാറുകാരൻ EMD, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങൾക്കായി അസി.എഞ്ചിനീയർക്ക് പ്ലെഡ്ജ് ചെയ്ത് സമർപ്പിക്കുന്ന FD Receipts വർക്ക് ഫയലുകളിൽത്തന്നെ സൂക്ഷിച്ചിരിക്കുന്നു. ഇവയുടെ വിവരങ്ങൾ സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് സേഫ് കസ്റ്റഡിയിൽ സൂക്ഷിക്കേണ്ടതാണ്.
- പഞ്ചായത്തിൽ ലഭ്യമായ ടെന്റർ ഫോറങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർക്ക് വിതരണം ചെയ്യുമ്പോൾ ഇവ അസിസ്റ്റന്റ് എഞ്ചിനീയർ സ്റ്റോക്കിലെടുക്കുന്നില്ല. ടെന്റർ ഫോം സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
- ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകൾ അതാത് ഫയലിൽ സൂക്ഷിച്ചിട്ടില്ല.
  (ഓഡിറ്റ് എൻക്വയറി നം.18/26.10.17)

മരാമത്ത് പ്രവൃത്തികളുടെ രേഖകൾ കൃത്യമായി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-22 അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ അവശേഷിക്കുന്ന തുകകൾ തിരിച്ചടക്കേണ്ടതാണ്

എൽ.എസ്.ജി.ഡി വിഭാഗത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് (SBT, മണ്ണാർക്കാട് അക്കൗണ്ട് നം. 67382595153) ഇ-ടെണ്ടർ നടത്തുന്ന ടെണ്ടർ ഫോമുകളുടെ വില, വാറ്റ്, ഇ.എം.ഡി. എന്നിവ നിക്ഷേപിച്ചിട്ടുള്ളത്. പാസ്ബുക്ക് പരിശോധിച്ചതിൽ ടെണ്ടർ ഫോമുകളുടെ വിലയും വാറ്റും കൂടാതെ മറ്റ് തുകകളും അവശേഷിക്കുന്നതായി കണ്ടെത്തി. 5.10.2017ലെ പാസ്ബുക്ക് നീക്കിയിരിപ്പ് തുക ₹201258/- രൂപയാണ്. ടെണ്ടർ ഫോമുകളുടെ വിലയും വാറ്റും ഒഴികെ പാസ്ബുക്കിൽ അവശേഷിക്കുന്ന തുക പിൻവലിച്ച് സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. ടെണ്ടർ ഫോമുകളുടെ വില തനത് ഫണ്ടിലേക്കും ഒടുക്കേണ്ടതാണ്.

## 3-23 ഭവനനിർമ്മാണം പൂർത്തിയാക്കേണ്ടതാണ്

പ്രോജക്ട്നം :15/17 {ഭവന നിർമ്മാണം (ജനറൽ)}

ചെലവ് - 1,20,000/- രൂപ (ബിൽ നം.2/26-10-2017)

നിർവഹണം – വി.ഇ.ഒ

2015-16 ൽ ആരംഭിച്ച പദ്ധതി പ്രകാരം തൻവർഷം ധനസഹായം ലഭിച്ച ശ്രീ. രാമചന്ദ്രൻ ചോളയിൽ എന്ന ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല . അനുവദിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു

| തിയതി | തുക |
|---|---|
| 27.11.15 | 30000 |
| 26.4.16 | 70000 |
| 1.11.16 | 70000 |
| ആകെ കൈപ്പറ്റിയത് | 170000 |
| സബ്സിഡി | 200000 |
| ബാലൻസ് | 30000 |

ഭവന നിർമ്മാണം പൂർത്തിയാക്കി പദ്ധതിയുടെ ഭൗതികലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-24 വി.ഇ.ഒ- ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്

നഗരസഭയിലെ നിർവഹണ ഉദ്യോഗസ്ഥനായിരുന്ന വി.ഇ.ഒ. യുടെ പേരിൽ നിലവിലുള്ള

രണ്ട് ബാങ്ക് അക്കൗണ്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരുപ്പ് |
|---|---|---|
| വിജയബാങ്ക്(TSC) | 20260101008 | 2224 |
| എസ്.ബി.റ്റി(Plan) | 67313063072 | 2337 |
| ആകെ | | 4561 |

നീക്കിയിരുപ്പ് തുകയായ 4561 രൂപ പലിശയിനത്തിൽ ലഭിച്ചതാണ് എന്നാണ് വി.ഇ.ഒ അറിയിച്ചത്. ഗ്രാമപഞ്ചായത്ത് നഗരസഭയായി ഉയർത്തിയതിനാൽ 2017 മുതൽ വി.ഇ.ഒ. തസ്തിക നിലവിലില്ല. അതിനാൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് ബാലൻസ് തുക തനത്ഫണ്ടിലേക്ക് ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-25 ഒ.ഡി.എഫ് -ശൗചാലയനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല

പദ്ധതി - വ്യക്തിഗത ഗാർഹിക ശൗചാലയ നിർമ്മാണ പദ്ധതി, 1/17

അടങ്കൽ - പ്ലാൻ- 1107370

കേന്ദ്രവിഹിതം - 586630

ആകെ - 1694000

ചെലവ് - പ്ലാൻ - 992690

TSC- 549657

നിർവ്വഹണോദ്യോഗസ്ഥൻ - ഹെൽത്ത് ഓഫീസർ

സ്വച്ച് ഭാരത് മിഷൻ പദ്ധതി പ്രകാരം ശുചിത്വ മിഷൻ നടത്തിയ ബേസ് ലൈൻ സർവ്വേയിൽ ശൗചാലയം ഇല്ലാത്ത 108 ഗുണഭോക്താക്കളെ കണ്ടെത്തുകയും, അവരുമായി കരാർ വെയ്ക്കുകയും ചെയ്തിട്ടുണ്ട്. 15400/- രൂപ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. 108 ഗുണഭോക്താക്കളിൽ 70 ഗുണഭോക്താക്കൾ മാത്രമാണ് നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ച് ധനസഹായം പൂർണ്ണമായും കൈപ്പറ്റിയിട്ടുള്ളത്.

കേന്ദ്ര വിഹിതം ₹799950 കേന്ദ്ര സർക്കാരിൽ (ശുചിത്വ മിഷൻ) നിന്നും 30.8.16 ന് ലഭ്യമായതിൽ ചെലവഴിച്ചത് ₹549657 രൂപയാണ്. ബാക്കിയുള്ള 250293/- രൂപ തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്.

പദ്ധതി തുക പൂർണ്ണമായും വിനിയോഗിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഒന്നാം ഗഡു മാത്രം കൈപ്പറ്റിയ 38 ഗുണഭോക്താക്കളും നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്

# 3-26 ഖര മാലിന്യ സംസ്കരണം -അവലോകനം

2016 ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരം നഗരസഭകൾ കൃത്യമായ സമയക്രമം സഹിതം ഖരമാലിന്യം കൈകാര്യം ചെയ്യുന്നതിനായി പദ്ധതി/ സ്ട്രാറ്റജി തയ്യാറാക്കേണ്ടതും യൂസർ ഫീസ്, സ്പോട്ട് ഫൈൻ എന്നിവ നിശ്ചയിക്കേണ്ടതുമാണ്. മാലിന്യശേഖരണം, ട്രാൻസ്പോർട്ടേഷൻ, സംസ്കരണം എന്നിവ സംബന്ധിച്ച വിശദമായ രൂപരേഖ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടത് നഗരസഭകളുടെ ചുമതലയാണ്. എന്നാൽ മണ്ണാർക്കാട് നഗരസഭയിൽ നാളിതുവരെ ഇപ്രകാരമുള്ള പദ്ധതി വിഭാവനം ചെയ്തിട്ടില്ല.

നഗരസഭയിൽ 6 ദിവസവേതന തൊഴിലാളികൾക്ക് (കുടുംബശ്രീ) പ്രതിദിനം 229 /- രൂപ നിരക്ക് നൽകിയാണ് ടൗണിലെ ശുചീകരണ പ്രവൃത്തികൾ നിർവഹിക്കുന്നത്. ശുചീകരണത്തിനായി സ്ഥിരം കണ്ടിൻജന്റ് ജീവനക്കാരെ നിയമിച്ചിട്ടില്ല. മണ്ണാർക്കാട് ഗ്രാമപഞ്ചായത്ത് ആയിരുന്ന കാലളവിൽ (2015 വരെ) ഫുൾടൈം സ്വീപ്പർമാർ നിലവിലുണ്ടായിരുന്നു. പ്രസ്തുത കാലയളവിൽ നഗരപരിധിയിലെ മാലിന്യം ശേഖരിച്ച് സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് നിക്ഷേപിക്കുകയാണ് ചെയ്തിരുന്നത്. പരിസരവാസികളുടെ പരാതിയെ തുടർന്ന് പ്രസ്തുത സംവിധാനം അവസാനിപ്പിച്ചു.

നിലവിൽ കുടുംബശ്രീ അംഗങ്ങൾ ദിവസ വേതനാടിസ്ഥാനത്തിൽ റോഡ് സ്വീപ്പിംഗ് മാത്രം ചെയ്തു വരുന്നു. റോഡ് പരിസരത്തെ മാലിന്യം (അജൈവമാലിന്യം ഉൾപ്പെടെ) അവിടെ തന്നെ കത്തിച്ചു കളയുകയാണ് നിലവിൽ ചെയ്യുന്നത്. മാലിന്യ ശേഖരണത്തിനായി വാഹനങ്ങളും നഗരസഭയിലില്ല. ഖര മാലിന്യ നിർമ്മാർജ്ജനത്തിനായി ശാസ്ത്രീയ സംവിധാനങ്ങളൊന്നും ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. ഗാർഹിക / ഗാർഹികേതര മാലിന്യം ശേഖരിക്കുന്നതിനും സംസ്കരിക്കുന്നതിനുമുള്ള സംവിധാനം നഗരസഭയിൽ നിലവിലില്ല.

കൂടാതെ 2013-14 മുതൽ 2016-17 വരെ വർഷങ്ങളിൽ വികേന്ദ്രീകൃത ഖരമാലിന്യ സംസ്കരണം പ്രോൽസാഹിപ്പിക്കുന്നതിനായി പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. വ്യാപാര സ്ഥാപനങ്ങൾക്ക് ഉറവിട മാലിന്യ സംസ്കരണ സംവിധാനം നിലവിലുണ്ടോ എന്ന് പരിശോധിക്കാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചുകൊണ്ട് ബയോഗ്യാസ് പ്ലാന്റ്, പൈപ്പ് കംപോസ്റ്റ് തുടങ്ങിയ ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രോൽസാഹിപ്പിച്ച് നഗരസഭയിലെ പൊതു സ്ഥലങ്ങളിലെ മാലിന്യത്തിന്റെ അളവ് കുറച്ചുകൊണ്ടു വരാവുന്നതാണ്.

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016, ഇത് സംബന്ധിച്ച്

തദ്ദേശ സ്വയം ഭരണവകുപ്പിന്റെ 24.09.2016 ലെ 576/സി.സി.1/ത.സ്വ.ഭ.വ നമ്പർ സർക്കുലറിലെ മാർഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം വിൽപന സാധനങ്ങൾ പ്ലാസ്റ്റിക്ക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഒരു മാസം കുറഞ്ഞത് 4000 രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 48000 രൂപ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ഫീസായി ഈടാക്കി മേൽ പ്രകാരം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് 24.09.2016-ലെ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. നഗരസഭയിൽ സർക്കാർ നിർദേശം പാലിക്കപ്പെട്ടിട്ടില്ല.
കാര്യക്ഷമമായ ഖരമാലിന്യ ശേഖരണ സംസ്കരണ സംവിധാനം തയ്യാറാക്കുന്നതിനായി സമഗ്രമായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

വികേന്ദ്രീകൃത മാലിന്യം സംസ്കരണം പ്രോൽസാഹിപ്പിക്കുന്നനായി സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകാവുന്നതാണ്. ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടതുണ്ട്. മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനും കുടുംബശ്രീ യുണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്തുന്നതിനുള്ള സാധ്യതയും പരിശോധിക്കാവുന്നതാണ്. മാലിന്യങ്ങൾ സ്രോതസ്സിൽ നിന്നു തന്നെ വേർതിരിച്ച് പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്ലിംഗ് നടത്തുന്നതിനും ഇ-വേസ്റ്റ് ഹാനികരമല്ലാത്ത രീതിയിൽ കൈയ്യൊഴിക്കുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടതാണ്. നിലവിലുള്ള അശാസ്ത്രീയ മാലിന്യ സംസ്കണം ആരോഗ്യ പ്രശ്നങ്ങൾക്കും പരിസ്ഥിതി മലിനീകരണത്തിനും ഇടവരുത്തുന്നതിനാൽ ഈ വിഷയത്തിൽ നഗരസഭ ആരോഗ്യ വിഭാഗവും ഭരണസമിതിയും അടിയന്തിര ഇടപെടൽ നടത്തി പരിഹാരം കാണേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഒന്നുമില്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി

നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | ട്രഷറി ബിൽ നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| KWA, PH Division, Shornur | നായാടി ക്കുന്ന് എസ്.സി. കുടിവെള്ള പദ്ധതി | 1/16.11.16 | 100000 | 0 | 100000 |
| | | 2/16.11.16 | 900000 | 0 | 900000 |
| | അരയങ്ങോട്, ആണ്ടിപ്പാടം, വടക്കുമണ്ണം, പാറപ്പുറം, നെല്ലിപ്പുഴ, നാരങ്ങാപ്പറ്റ വാർഡുക ളിലെ സ്ട്രീറ്റ് മെയിൻ | 3/31.3.17 | 342940 | 0 | 342940 |
| | പാറപ്പുറം തോരാപുരം മണിമുണ്ട കോളനി ഇലക്ട്രിക് ലൈൻ | 4/31.3.17 | 49940 | 0 | 49940 |
| | നായാടി ക്കുന്ന് നാലുസെന്റ് കോളനി പൈപ്പ് ലൈൻ | 5/22.2.17 | 150000 | 0 | 150000 |
| | ചെക്ക് പോസ്റ്റ് ജംഗ്ഷൻ-ജ്ര്രൂബിലി ഗാർഡൻ പൈപ്പ് ലൈൻനീട്ടൽ | 6/22.2.17 | 100000 | 0 | 100000 |
| | നമ്പിയംപടി-നെട്ടേപ്പുറം കുടിവെള്ള പദ്ധതി | 7/22.2.17 | 350000 | 0 | 350000 |
| | പുത്തൻകുളം എസ്.സി. കോളനി പൈപ്പ് ലൈൻ | 9/31.3.17 | 95000 | 0 | 95000 |
| | പെരിഞ്ചോളം എസ്.സി. കോളനി പൈപ്പ് ലൈൻ | 8/31.3.17 | 150000 | 0 | 150000 |
| | വാർഡ് 1മുതൽ 29 വരെ കുടിവെള്ള | 58/30.3.17 | 1125000 | 0 | 1125000 |

| | | | | | |
|---|---|---|---|---|---|
| | സ്രോതസ്സുകളുടെ നവീകരണം | | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം നഗരസഭയ്ക്ക് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8780 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 & 2014-15 | 2-(1) | 1800 | ശ്രീമതി.സജിത.വി | 11601102871/ 12.5.16 |
| | " | 1800 | ശ്രീമതി.സുഹറ | 11601102872/ 12.5.16 |
| | " | 180 | ശ്രീമതി. ആതിര | 1161390004/ 19.5.16 |
| | 2-7 | 2500 | ഫെഡറൽ ബാങ്ക് | 116014000047/ 19.5.16 |
| | " | 2500 | സിൻഡിക്കേറ്റ് ബാങ്ക് | 11601106100/ 19.5.16 |
| ആകെ | | 8780 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ/നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട

ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-5 | 2007-08 | 5-1 | ഗുണഭോക്തൃ ലിസ്റ്റ് | നിയമസഭാ സമിതി നാളിതുവരെ വിഷയം പരിഗണിച്ചിട്ടില്ല. |
| 2007-08 | 3-3 | 2006-07 | 5.4.10.1 | ട്രാക്ടർ ലേലം | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹70106900/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹62725283/- |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10618 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2820250 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2373 | ശ്രീ. മണി.സി, സെക്രട്ടറി |
| 3-16 | | 8245/- (fine) | ശ്രീ. ടോമി.ടി.പി, മുൻസിപ്പൽ എഞ്ചിനിയർ |

| | | | |
|---|---|---|---|
| ആകെ | | 10618 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 123962 | ശ്രീ. മണി.സി, സെക്രട്ടറി |
| 3-7(2) | 13,82,200 | ഡോ.കൃഷ്ണനുണ്ണി.പി.എസ്, മെഡിക്കൽ ഓഫീസർ-താലൂക്ക് ആശുപത്രി |
| 3-11 | 40200 | ശ്രീ. മുഹമ്മദാലി, ഹെഡ്മാസ്റ്റർ, ജി.എൽ.പി.എസ്, മണ്ണാർക്കാട് |
| 3-15 | 5441 | ശ്രീ. ടോമി.ടി.പി, മുൻസിപ്പൽ എഞ്ചിനിയർ |
| 3-19 | 1008162 | ശ്രീ.ടോമി.ടി.പി, മുൻസിപ്പൽ എഞ്ചിനിയർ |
| 3-20 | 260285 | ശ്രീ.ടോമി.ടി.പി, മുൻസിപ്പൽ എഞ്ചിനിയർ |
| ആകെ | 2820250 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-3, 2-4

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. മണി.സി, സെക്രട്ടറി | റിട്ടയേർഡ് | ചെല്ലൻ, വിളയൻ ചാത്തന്നൂർ, തേങ്കുറിശ്ശി പി.ഒ., പാലക്കാട് |
| ശ്രീ.ടോമി.ടി.പി, മുൻസിപ്പൽ എഞ്ചിനിയർ | മുനിസിപ്പൽ എഞ്ചിനീയർ, മണ്ണാർക്കാട് മുനിസിപ്പാലിറ്റി | തുടിയൻപറമ്പിൽ ഹൗസ്, മൂലക്കുളം നോർത്ത്.പി.ഒ., പിറവം (വഴി), എറണാകുളം-686664 |

# 4-9 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | - | ഒന്നുമില്ല |
| 1997-98 | എൽ.എഫ്. പി.9/1055/02/17-1-2003 | ഒന്നുമില്ല |
| 1998-1999 | എൽ.എഫ്. പി.9/1216/03/04-12-2003 | 7 |
| 1999-2000 | എൽ.എഫ്. പി.9/244/04/24-4-2007 | 38 |
| 2000-2001 | എൽ.എഫ്. പി.9/1606/13/17-12-2014 | 27 |
| 2001-2002 | എൽ.എഫ്. പി.9/1408/13/1-1-2015 | 19 |
| 2002-2003 | എൽ.എഫ്. പി.9/1250/06/10-9-2007 | 9 |
| 2003-2004 | എൽ.എഫ്. പി.9/1185/13/6-5-2014 | 13 |
| 2004-2005 | എൽ.എഫ്. പി.9/1184/13/5-8-2014 | 10 |

| | | |
|---|---|---|
| 2005-2006 | എൽ.എഫ്. പി.9/1183/13/6-8-2014 | 9 |
| 2006-2007 | എൽ.എഫ്. പി.9/276/11/28-2-2011 | 15 |
| 2007-2008 | എൽ.എഫ്. പി.9/1181/13/28-11-2014 | 17 |
| 2008-2009,<br>2009-2010<br>2010-2011 | എൽ.എഫ്. പി.9/1055/02/17-1-2003 | 40 |
| 2011-2012 | എൽ.എഫ്. പി.9/1102/14/7-5-2015 | 18 |
| 2012-13 | കെ.എസ്.എ-പി.കെ.ഡി9/743/15<br>/10-08-2015 | 12 |
| 2013-14 &<br>2014-15 | കെ.എസ്.എ-പി.കെ.ഡി9/1406/15 /<br>10-02-2016 | 41 |
| 2015-16 | 1.<br>2. നം.കെ.എസ്.എ-പി.കെ.ഡി-22-107/17<br>(11/15 മുതൽ -3/16 വരെ) | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## അനുബന്ധം

നം.കെ.എസ്.എ-പികെഡി22/1991/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തിയതി -03.11.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 295-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് നഗരസഭയുടെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മണ്ണാർക്കാട് നഗരസഭയുടെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല
3. തൊഴിൽനികുതി, വിനോദനികുതി എന്നിവയുടെ ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല
4. ഡി & ഒ, വാടക, ലേലം എന്നിവയുടെ ഡിമാന്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.
5. അഡ്വാൻസ്, ഡെപ്പോസിറ്റ് രജിസ്റ്ററുകൾ തയ്യാറാക്കിയിട്ടില്ല.
6. തനത് ഫണ്ട് ബാങ്ക് അക്കൗണ്ട് (മണ്ണാർക്കാട് റൂറൽ സർവീസ് കോഓപ്പറേറ്റീവ് ബാങ്ക്) റീകൺസിൽ ചെയ്തിട്ടില്ല.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD22/1991/2017

Kerala State Audit Department

District Audit Office,Palakkad

Date -03.11.2017

## Audit Certificate

Certified that I have audited the Annual Financial Statement of Mannarkkad Muncipality in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 295 of the Kerala Municipality Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Mannarkkad Municipality for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Senior Deputy Director

## Abstract of Defects

1. Asset value not updated and linked with Sankhya.
2. Demand and Arrear Demand Registers of Property Tax not perpared and certified by the Sercretary.
3. Demand and Arrear Demand Registers of Profession Tax & Entertainment tax not perpared and certified by the Sercretary
4. Abstract not prepared and certified in demand registers of D& O, Rent & Auction .
5. Advance and deposit register not prepared.
6. Own fund bank account (Mannarkkad service co-operative bank) not reconciled.

Senior Deputy Director